മാസങ്ങളിൽ കൂടുതലായി സമർപ്പിക്കപ്പെട്ടതും ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക അനുവദിക്കൽ

163 (508) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിക്കാമോ ?

ഉത്തരം

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 65,36,658 രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യത അധികമായി വരുന്നതിനാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണവകുപ്പ് ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

സാമ്പത്തിക വളർച്ചാനിരക്ക്

164 (509) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) 2012-ന് ശേഷം സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) സാമ്പത്തിക വളർച്ചാനിരക്കിൽ വർദ്ധിച്ചുവരുന്ന പൊതുകടം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2005-06 മുതലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കുകൾ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുകൊണ്ടുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു :

വർഷം	മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പാദനത്തിന്റെ (ജി.എസ്.ഡി.പി.) വളർച്ചാ നിരക്ക് (%)	മൊത്തം ദേശീയ ആഭ്യന്തരോൽപ്പാദനത്തിന്റെ (ജി.ഡി.പി.) ശരാശരി വളർച്ചാ നിരക്ക് (%)
2005 -06	10.1	9.5
2006-07	7.9	9.6
2007-08	8.8	9.3
2008-09	5.6	6.7
2009-10	9.2	8.4
2010-11	6.9	9.5
2011-12	5.9	6.3
2012 -13	5.9	4.5
2013 -14	6.3	4.7

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ചില വർഷങ്ങളിൽ ദേശീയ നിരക്കിനേക്കാൾ കൂടുതലായിരുന്നു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 70 ശതമാനവും സംഭാവന ചെയ്യുന്നത് ഗതാഗതം, സംഭരണം, വാർത്താവിനിമയം എന്നിവ ഉൾപ്പെടുന്ന സേവന മേഖലയാണ്. ഈ മേഖലയുടെ ഉയർന്ന വളർച്ചാനിരക്കാണ് കേരളത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയരാൻ കാരണമായിട്ടുള്ളത്. ഇതുസംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ കടം ധന ഉത്തരവാദ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിലനിർത്തിപ്പോരുന്നതിനാൽ വർദ്ധിച്ചുവരുന്ന പൊതുകടം

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വളർച്ചാനിരക്കിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. മാത്രമല്ല വായ്പയിലൂടെ സമാഹരിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനാൽ ഇത് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി

165 (510) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും ഹെഡ് ഓഫ് അക്കൗണ്ട് പ്രവൃത്തിപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തനക്ഷമമാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഭരണാനുമതി ഉത്തരവിലെ H/A പ്രാവർത്തികമല്ലാത്ത സാഹചര്യത്തിൽ പുതിയ H/A അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതിയും സെസ്സും

166 (511) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയും സെസ്സും ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പ്രതീക്ഷിക്കുന്ന വരുമാനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ വരുമാനം എത്രയായിരുന്നു ;

(ബി) നികുതിയും സെസ്സും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നികുതിയിലൂടെ ലഭിക്കുന്ന അധിക വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly